**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

<u>നക്ഷത്ര ചിഹ്നമിടാത്ത</u>
<u>ചോദ്യം നം. **2051**</u>

<u>**08.03.2018** ൽ മറുപടിക്ക്</u>

# <u>ക്വാറി ഉൽപ്പന്നങ്ങളുടെ വില</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. സി.കെ. ശശീന്ദ്രൻ | എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും<br>യുവജനകാര്യവും വകുപ്പമന്ത്രി) |
| (എ) സംസ്ഥാനത്ത് ക്വാറി ഉൽപ്പന്നങ്ങൾക്ക് ഒരേ ജില്ലയിൽ തന്നെ പല വില ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ക്വാറി ഉൽപ്പന്നങ്ങളുടെ ലഭ്യതകുറവുമൂലം അവസ്ഥ് നേരിയ തോതിലുള്ള വിലവർദ്ധനവ് ഏറ്റക്കുറച്ചിലോടെ ഉണ്ടായതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. |
| (ബി) നിലവിൽ ക്വാറി ഉൽപ്പന്നങ്ങളുടെ വിലകൾ നിശ്ചയിക്കുന്നതിന് മാനദണ്ഡം നിശ്ചയിച്ചി ട്ടുണ്ടോ; | (ബി) ക്വാറിഉൽപ്പന്നങ്ങളുടെ വില നിശ്ചയിക്കുന്നതിന മാനദണ്ഡം നിശ്ചയിച്ചിട്ടില്ല. ചില ജില്ലകളിൽ വില ഏകീകരി ക്കുന്നതിനായി റവന്യൂ, പോലീസ്, ജനപ്രതിനിധി കൾ, എഞ്ചിനീയറിംഗ് വിഭാഗം എന്നിവർ അംഗങ്ങളായി കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. |
| (സി) ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ നിർദ്ദേശമനുസരിച്ച് വയനാട് ജില്ലയിൽ എത്ര ക്വാറികളുടെ പ്രവർത്തനം നിർത്തി വച്ചിട്ടുണ്ട് എന്ന വിവരം അറിയിക്കാമോ; | (സി) വയനാട് ജില്ലയിൽ ദുരന്തനിവാരണ അതോറിറ്റിയുടെ ഉത്തരവിനെ തുടർന്ന് സുൽത്താൻബത്തേരി താലൂക്കിൽ കൃഷ്ണഗിരി വില്ലേജിൽ സർവ്വെ നം. 526-ൽപ്പെട്ട സ്ഥലത്ത് ഖനനലീസ് നിലവിലുള്ള ഒരു കരിങ്കല്ല് ക്വാറിയുടെ പ്രവർത്തനം നിർത്തിവച്ചിട്ടുണ്ട്. കൂടാതെ മുമ്പ് ഖനനാനുമതി നൽകിയിരുന്നതും അമ്പലവയൽ വില്ലേജിലെ സർവ്വെ നമ്പർ 298/1A1A1A ൽപ്പെട്ട സർക്കാർ ഭൂമിയിൽ പ്രവർത്തിച്ചിരുന്നതുമായ 18 കരിങ്കല്ല് ക്വാറികൾക്കും സ്വകാര്യഭൂമിയിൽ പ്രവർത്തിച്ചിരുന്ന കൃഷ്ണഗിരി വില്ലേജിൽ സർവ്വെ നം.525, 521/2, 427/24, 527 ൽപ്പെട്ട സ്ഥലത്തെ 4 കരിങ്കല്ല് ക്വാറികൾക്കും പാരിസ്ഥിതികാനുമതി, ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ ഉത്തരവ് തുടങ്ങിയ കാരണങ്ങളാൽ തുടർഖനനാനുമതി നൽകുവാൻ നിർവാഹമില്ലാത്തതായി കണ്ടെത്തിയിട്ടുള്ളതാണ്. |
| (ഡി) ക്വാറി ഉൽപ്പന്നങ്ങൾക്ക് അമിത വില ഈടാക്കുന്ന ക്വാറി നടത്തിപ്പുകാർക്കെതിരെ എന്തെങ്കിലും നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ഡി) ക്വാറിനടത്തിപ്പുകാരുടെ പേരിൽ നടപടികളൊന്നും സർക്കാർ സ്വീകരിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**